പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1357** **30-06-2026-ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സംവിധാനത്തിന്റെ ശാക്തീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പൊതുഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്നതിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

**മറുപടി:** പൊതുഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്നതിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കെ.എസ്. ആർ. ടി. സി. , മോട്ടോർ വാഹന വകുപ്പ്, സംസ്ഥാന ജലഗതാഗത വകുപ്പ് എന്നിവർ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

**കെ. എസ്. ആർ. ടി. സി.**

ഗ്രാമീണമേഖലകളിലെയും ഉൾപ്രദേശങ്ങളിലെയും പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ തുടർന്നുവരുന്ന 'ഗ്രാമവണ്ടി" പദ്ധതി കൂടുതൽ വിപുലമാക്കുവാനായി കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ച് കൂടുതൽ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഡീസലിന് പുറമെ ബസ്സുകൾ കൂടി സ്പോൺസർ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള പദ്ധതി കൂടി വിഭാവനം ചെയ്തുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വ്യക്തികൾ, സന്നദ്ധ സംഘടനകൾ എന്നിവരെയും ടി പദ്ധതിയുടെ ഭാഗമാക്കാവുന്നതുമാണ്.

**മോട്ടോർ വാഹന വകുപ്പ്**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കെ.എസ്.ആർ.ടി.സി/സ്വകാര്യ ബസ് സർവ്വീസുകൾ ലഭ്യമല്ലാത്തതിനാൽ സർവ്വീസ് ദൗർലഭ്യമുള്ള റൂട്ടുകൾ തിരിച്ചറിയുന്നതിന് ജനകീയ സദസ്സുകൾ സംഘടിപ്പിക്കാൻ നടപടികളാരംഭിച്ചു. സംസ്ഥാനത്ത് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആകെ 503 പുതിയ റൂട്ടുകൾ രൂപീകരിച്ച് സർക്കാർ G.O.(P)No.7/2026/TRANS dated 21/02/2026 നമ്പർ ഉത്തരവ് പ്രകാരം അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

കേരളത്തിലെ ജലഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനായി ബോട്ട് ജെട്ടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, കുടുംബശ്രീ പോലുള്ള പ്രാദേശിക കൂട്ടായ്മകളെ ജലടൂറിസം

പദ്ധതികളിൽ പങ്കാളികളാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സന്നദ്ധ സംഘടനകളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി യാത്രാ വിവരങ്ങൾ തത്സമയം പങ്കുവെക്കാനും ഫീഡ്ബാക്ക് അറിയിക്കാനുമായി ലളിതമായ മൊബൈൽ ആപ്ലിക്കേഷനുകളും സോഷ്യൽ മീഡിയ കൂട്ടായ്മകളും സജീവമാക്കുന്നതിലൂടെ കൂടുതൽ സുതാര്യവും ജനകീയവുമായ ഒരു ജലഗതാഗത സംസ്കാരം കെട്ടിപ്പടുക്കാൻ സാധിക്കുന്നതാണ്.

**(ബി)** കെ.എസ്.ആർ.ടി.സി.ക്ക് ബസ് സംഭാവന ചെയ്യാൻ താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ തുടർന്നുവരുന്ന 'ഗ്രാമവണ്ടി" പദ്ധതി കൂടുതൽ വിപുലമാക്കുവാനായി കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ച് കൂടുതൽ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കുടാതെ ഡീസലിന് പുറമെ ബസ്സുകൾ കൂടി സ്പോൺസർ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള പദ്ധതി കൂടി വിഭാവനം ചെയ്തുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വ്യക്തികൾ, സന്നദ്ധ സംഘടനകൾ എന്നിവരെയും ടി പദ്ധതിയുടെ ഭാഗമാക്കുന്നതാണ്.

**(സി)** ഗ്രാമപ്രദേശങ്ങളിലേക്ക് സർവീസ് നടത്തുന്ന ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര സ്ത്രീകൾക്ക് അവകാശമാക്കുകയെന്നതിന് പുറമേ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകുകയെന്നതും പ്രിയദർശിനി പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നുണ്ടോ;

**<u>മറുപടി:</u>** ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര അനുവദിച്ചതിലൂടെ എല്ലാ സ്ത്രീകൾക്കും പരിമിതികൾ കൂടാതെ യാത്ര ചെയ്യുന്നതിനുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് പങ്കാളിത്തപൂർണ്ണവും ഊർജ്ജസ്വലവുമായ സമൂഹനിർമ്മിതിക്കും ഇതുവഴി സ്ത്രീകളുടെ വരുമാന വർദ്ധനവിനും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ഉത്തേജനത്തിനും സാമൂഹ്യ ശാക്തീകരണത്തിനും കാരണമാകുന്നതാണ്.

**(ഡി)** പൊതുഗതാഗത രംഗം നേരിടുന്ന വെല്ലുവിളികളെ ഏറ്റെടുക്കാനാവും വിധം കെഎസ്ആർടിസിയെ ഏതെല്ലാം വിധത്തിൽ ശാക്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; കെഎസ്ആർടിസിയുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

**<u>മറുപടി:</u>** പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ബസ്സുകളുപയോഗിച്ചുള്ള സർവീസുകളെ എ.ഐ സാങ്കേതികവിദ്യയുടെ കൂടെ സഹായത്തോടെ പുനർവിന്യസിക്കുവാനും പുതിയ സർവീസുകളും ട്രിപ്പുകളും വിവിധ റൂട്ടുകളിൽ ക്രമീകരിക്കുവാനും, ബസ് സ്റ്റേഷനുകൾ / ടെർമിനലുകളിൽ നിന്നും വിവിധ ഡെസ്റ്റിനേഷനുകളിലേയ്ക്ക് യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് റെഗുലർ സർവീസുകൾക്ക് പുറമെ അധിക സർവീസുകൾ (ബസ് ഓൺ ഡിമാൻറ്) ഓപ്പറേറ്റ് ചെയ്യുവാനും തമിഴ്നാടുമായുള്ള അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ ബസ് പാരിറ്റി വ്യവസ്ഥയിൽ അന്തർസംസ്ഥാന റൂട്ടുകളിൽ കൂടുതൽ ചാർട്ടേർഡ് സർവീസുകൾ ക്രമീകരിക്കുവാനും കഴിയുന്നതാണ്. കൂടാതെ ഗ്രാമവണ്ടി പദ്ധതി കൂടുതൽ വിപുലമാക്കി ഡീസലിന് പുറമെ ബസ്സുകൾ കൂടി സ്പോൺസർ ചെയ്ത് ലഭ്യമാക്കുന്നതിനു കൂടി വിഭാവനം ചെയ്തുവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1.കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്:**

കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരുടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 ഡിപ്പോകളിൽ ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആയത് മുഴുവൻ ഡിപ്പോകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

**2.കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂൾ**

പൊതുജനങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഡ്രൈവിംഗ് പരിശീലനം നേടുന്നതിനും കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെൻറ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട് ടി സംവിധാനം നടപ്പിലാക്കിയത് വഴി ഓൺലൈൻ രജിസ്ട്രേഷൻ, ഫീസ് അടയ്ക്കൽ, പഠനസാമഗ്രികളുടെ ഡൗൺലോഡ്, മോക്ക് ടെസ്റ്റ് സൗകര്യം, ബാക്ക്-എൻഡ് മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ ചെയ്യുവാൻ സാധിക്കും കൂടാതെ

(i). RVSF സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി കെ.എസ്.ആർ.ടി.സി-യെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ, KSRTC e-tender മുഖേന M/s. SIMCO RVSF PVT. LTD എന്ന കമ്പനിയെ തെരഞ്ഞെടുത്ത് കെ.എസ്.ആർ.ടി.സി യുടെ എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പ്-ൽ 3 ഏക്കർ സ്ഥലത്ത് RVSF (Registered Vehicle Scrapping Facility) പദ്ധതി നടപ്പിലാക്കി വരുന്നു.

(ii). കെ.എസ്.ആർ.ടി.സി.യുടെ ബസ് ബ്രാൻഡിംഗിനായി ‘ Rolling Adds’ എന്ന പേരിൽ App ക്രിയേറ്റ് ചെയ്ത് സോഫ്റ്റ്‌വെയറിലൂടെ പരസ്യങ്ങൾ സ്വീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ നിലവിൽ നടപ്പിലാക്കി വരുന്ന

(i )പാസ്സഞ്ചർ ഇൻഫോർമേഷൻ സിസ്റ്റം

(ii )ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ

(iii ) Pre Ordered Meals

(iv )Digital Cloak Rooms

(v )പ്രധാന ബസ്സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി VIVO യുടെ സഹകരണത്തോടെ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം

(vi)ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്‌ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ

(vii )കെ.എസ്.ആർ.ടി.സി.യിൽ കാലങ്ങളായി ഒഴിഞ്ഞു കിടന്ന കടമുറികൾ വിവിധങ്ങളായ നടപടികളിലൂടെ ടെണ്ടർ ചെയ്ത ലൈസൻസികൾക്ക് നൽകുകയും ചെയ്യുന്നതാണ്.

(viii ) പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ് ബേകളിൽ ബസുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Digital Signage System നടപ്പിലാക്കി പ്രവർത്തിച്ച വരുന്നു .

ഇതു കൂടാതെ

(i) കെ.എസ്.ആർ.ടി.സി ബസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെൻട്രൽ/ റീജിയണൽ വർക്ക്ഷോപ്പുകളിൽ മതിയായ ജീവനക്കാരെ ലഭ്യമാക്കിയും / പുനർ വിന്യസിച്ചും ബസ്സുകളുടെ ഓഫ്റോഡ് കുറയ്ക്കുന്നതിനായി പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ii )നിലവിൽ സർവ്വീസിന് ഉപയോഗിച്ച വരുന്ന സൂപ്പർ ക്ലാസ്സ് ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വിധ അറ്റകുറ്റപണികളും പൂർത്തീകരിച്ച് 150 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ പ്രവർത്തനം ആരംഭിക്കുകയും വിവിധ ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു.

കെ.എസ്.ആർ.ടി.സിയുമായി കരാറിലുള്ള KTDS (കേരള ടൂറിസം ഡെവലപ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി) യുമായും മറ്റ് അംഗീകൃത ഏജൻസികളുമായും സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി "കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ" പദ്ധതി നടപ്പിലാക്കി വരുന്നതോടൊപ്പം, സ്വകാര്യ ലോഡ്ജുകൾ, ഹോംസ്റ്റേകൾ, ഡോർമിറ്ററികൾ എന്നിവയുമായി സഹകരിച്ച് താമസ ശൃംഖല വികസിപ്പിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും ഗുണമേന്മയുള്ള ഭക്ഷണവും വിശ്രമ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി "കെ.എസ്.ആർ.ടി.സി റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം  അംഗീകൃത ഹോട്ടൽ-റസ്റ്റോറന്റ് ശൃംഖല രൂപീകരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**